ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:08.10.2025

## പ്രധാനവാർത്തകൾ

1.) സാധാരണക്കാരുടെ ശാക്തീകരണത്തിലൂടെ മാത്രമേ രാജ്യത്തിൻറെ മുന്നേറ്റം സാധ്യമാകുകയുള്ളൂ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മഹാരാഷ്ട്രയിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

2) കേരള വന്യജീവി സംരക്ഷണ ഭേദഗതി ബില്ലും, വന ഭേദഗതി ബില്ലും നിയമസഭ ഇന്ന് പാസ്സാക്കി.

3) കോഴിക്കോട് താമരശ്ശേരി ഗവൺമെൻറ് ആശുപത്രിയിലെ ഡോക്ടറെ രോഗിയുടെ ബന്ധു ആക്രമിച്ച സംഭവത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പ്രതിഷേധിച്ച് ഡോക്ടർമാരുടെ സംഘടനകൾ.

4) സംസ്ഥാനത്തെ തദ്ദേശ വാർഡ് വിഭജനം സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ റിട്ട് ഹർജികൾ തള്ളി ഹൈക്കോടതി.

5) സർവ്വകാല റെക്കോഡിൽ സ്വർണ്ണവില. പവന് വില തൊണ്ണൂറായിരം കടന്നു.

6) രസതന്ത്രത്തിനുള്ള 2025 ലെ നൊബേൽ സമ്മാനം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു.

RIJU TVPM

******************************

## പ്രധാനമന്ത്രി (ഇൻട്രോ)

രാജ്യത്തെ സാധാരണക്കാരെയും പാവപ്പെട്ടവരെയും ശാക്തീകരിക്കുന്നതിലൂടെ മാത്രമേ രാജ്യം മുന്നേറുകയുള്ളുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അടിസ്ഥാന സൗകര്യങ്ങൾക്കായി ചെലവഴിക്കുന്ന ഓരോ രൂപയും പൊതുജന ക്ഷേമത്തിനാണെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്രയിൽ നവി മുംബൈ വിമാനത്താവളം ഒന്നാംഘട്ടത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

( വോയിസ് - പി എം )

രാജ്യത്തെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് വിമാനത്താവളമാണ് 19,650 കോടി രൂപ ചെലവിൽ നവി മുംബൈയിൽ നിർമിച്ചിരിക്കുന്നത്. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മുബൈയിലെത്തിയ പ്രധാനമന്ത്രി മുംബൈ മെട്രോ അക്വാ ലൈൻ രാഷ്ട്രത്തിന് സമർപ്പിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ശ്രീ മോദി നാളെ ഉഭയകക്ഷി ചർച്ച നടത്തും.

RNU TVPM

******************************

## ശബരിമല സ്വർണപ്പാളി -നിയമസഭ

ശബരിമല സ്വർണപ്പാളി വിവാദത്തിൽ തുടർച്ചയായ മൂന്നാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ ബഹളം. സഭാ നടപടികൾ പ്രതിപക്ഷം ബഹിഷ്ക്കരിച്ചു. ദേവസ്വം മന്ത്രിയെ പുറത്താക്കുന്നതു വരെ നടപടികളുമായി

സഹകരിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു . എന്നാൽ നിയമസഭയിൽ പ്രശ്നങ്ങൾ ഉന്നയിക്കാൻ ശരിയായ രീതിയിൽ നോട്ടീസ് നൽകണമെന്നായിരുന്നു മന്ത്രി എം ബി രാജേഷിന്റെ മറുപടി. ശബരിമല പ്രശ്നത്തിൽ ഗൗരവമായ പരിശോധനയും അന്വേഷണവും വേണമെന്നാണ് സർക്കാർ നിലപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. 2025 ലെ കേരള വന ഭേദഗതി ബിൽ, വന്യജീവി സംരക്ഷണ ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി, പഞ്ചായത്തി രാജ് ഭേദഗതി ബില്ലുകൾ തുടങ്ങിയവ സഭ ഇന്ന് പാസാക്കി. ജനവാസമേഖലയിലും കൃഷിസ്ഥലങ്ങളിലുമിറങ്ങുന്ന അക്രമകാരികളായ വന്യമൃഗങ്ങളെ ഉടൻ തന്നെ കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണ് വന്യജീവി സംരക്ഷണ ഭേദഗതി ബിൽ. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ വീണ്ടും ചേരും.

********************************

## താമരശ്ശേരി ഡോക്ടർ

കോഴിക്കോട് താമരശ്ശേരി ഗവൺമെൻറ് ആശുപത്രിയിൽ ഡോക്ടറെ രോഗിയുടെ ബന്ധു വെട്ടി പരിക്കേൽപ്പിച്ചു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടർ വിപിനാണ് പരിക്കേറ്റത്. സംഭവത്തിൽ സനൂപ് എന്നയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച 9 വയസ്സുകാരിയുടെ പിതാവാണ് കസ്റ്റഡിയിലുള്ളത്. മതിയായ ചികിത്സ ലഭിച്ചില്ലെന്ന് ആരോപിച്ചാണ് ആക്രമണം. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ഡോക്ടറെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ പ്രവേശിപ്പിച്ചു. സംഭവം അത്യന്തം അപലപനീയമാണെന്നും, ശക്തമായ നടപടിയെടുക്കുമെന്നും ആരോഗ്യ മന്ത്രി വീണ ജോർജ് അറിയിച്ചു. സംഭവത്തെ തുടർന്ന്

RNU TVPM

താമരശ്ശേരി ആശുപത്രിയിലെ അത്യാഹിത വിഭാഗം ഉൾപ്പെടെ പ്രവർത്തിക്കുന്നില്ല. നാളെ ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഒ.പി ബഹിഷ്കരിക്കുമെന്ന് ഡോക്ടർമാരുടെ സംഘടനയായ കെജിഎംഒ അറിയിച്ചു. എന്നാൽ അത്യാഹിത വിഭാഗം പ്രവർത്തിക്കും.

******************************

## ഡീലിമിറ്റേഷൻ കമ്മീഷൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിനായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ റിട്ട് ഹർജികളെല്ലാം ഹൈക്കോടതി തള്ളി. നിയമപരമായി നിലനിൽക്കുന്നതല്ലെന്ന കാരണത്താൽ 103 ഹർജികളാണ് കോടതി തള്ളിയത്. ഹർജികൾക്കെതിരായി ഡീലിമിറ്റേഷൻ കമ്മീഷൻ ഉന്നയിച്ച പ്രാഥമികമായ വാദങ്ങൾക്കെല്ലാം നിയമപരമായ സാധുത ഉണ്ടെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി.

PNUTVPM

******************************

## വയനാട് ഹൈക്കോടതി

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ വായ്പാ തിരിച്ചടവ് എഴുതിത്തള്ളുന്ന കാര്യത്തിൽ ഇടപെടാൻ പരിമിതിയുണ്ടെന്ന് കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു. റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾ ഉള്ളതിനാൽ വായ്പ എഴുതിത്തള്ളാൻ കേന്ദ്രത്തിന് സാധിക്കില്ലെന്നും ആഭ്യന്തര മന്ത്രാലയം കോടതിയിൽ സത്യവാങ്മൂലം നൽകി. അതേസമയം ദുരിതബാധിതരുടെ വായ്പ തിരിച്ചടവ് നടപടികൾ സ്റ്റേ ചെയ്യുന്ന കാര്യത്തിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുമെന്നും ഹൈക്കോടതി വാക്കാൽ പരാമർശിച്ചു.

*****************************

## <u>നോബേൽ</u>

രസതന്ത്രത്തിനുള്ള 2025 ലെ നൊബേൽ സമ്മാനം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു. അമേരിക്കയിൽ നിന്നുള്ള ഒമർ എം. യാഘി , ജാപ്പനീസ് രസതന്ത്രജ്ഞൻ സുസുമു കിറ്റഗാവ, ഓസ്ട്രേലിയയിൽ നിന്നുള്ള റിച്ചാർഡ് റോബ്സൺ എന്നിവർക്കാണ് പുരസ്കാരം. മെറ്റൽ-ഓർഗാനിക് ഫ്രെയിംവർക്കുമായി ബന്ധപ്പെട്ട കണ്ടെത്തലുകളാണ് പുരസ്കാരം നേടിക്കൊടുത്തത്.

*****************************

## <u>ബ്രേക്ക്</u>

RNUTVPM

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## <u>സ്വർണവില റെക്കോർഡ് (ഇൻട്രോ)</u>

സംസ്ഥാനത്ത് സ്വർണവില തൊണ്ണൂറായിരം കടന്നു. അന്താരാഷ്ട്ര വിപണിയിൽ സ്വർണവില നാലായിരം ഡോളർ കടക്കുന്ന സാഹചര്യത്തിലാണ് ഈ വർധന.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

(വോയിസ്)

*****************************

## ദക്ഷിണ വ്യോമസേനാ - ദിനം

93-ാമത് വ്യോമസേനാ ദിനത്തിൻ്റെ ഭാഗമായി, ദക്ഷിണ വ്യോമസേനാ ആസ്ഥാനത്ത് സേനാ ഉദ്യോഗസ്ഥർ ഒത്തുകൂടി. രാജ്യം നേരിടുന്ന ഏതു വെല്ലുവിളിയെയും നേരിടാൻ സദാ സന്നദ്ധരാണെന്ന് ചടങ്ങിൽ കൂട്ടായി പ്രതിജ്ഞ എടുത്തു. ആക്കുളം വ്യോമസേനാ ആസ്ഥാനത്ത് നടന്ന ചടങ്ങിന് ദക്ഷിണ വ്യോമസേന സീനിയർ എയർ സ്റ്റാഫ് ഓഫീസർ ,എയർ മാർഷൽ തരുൺ ചൗധരി അധ്യക്ഷത വഹിച്ചു.

*******************************

## ജനശതാബ്ദി-ജോർജ്ജ് കുര്യൻ

തിരുവനന്തപുരം സെൻട്രൽ - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസിന് - ചങ്ങനാശ്ശേരിയിൽ അധിക സ്റ്റോപ്പനുവദിച്ചു. ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിൽ ട്രെയിന് നാളെ വൈകുന്നേരം സ്വീകരണം നൽകും. തുടർന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും.

RNU TVPM

*******************************

## ബി ജെപി മാർച്ച്

ശബരിമലയിലെ സ്വർണ്ണപ്പാളി വിഷയത്തിൽ വിശദമായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ വസതിയിലേക്ക് ബി ജെപി ഇന്ന് പ്രതിഷേധ മാർച്ച് നടത്തി. ശബരിമലയിൽ കഴിഞ്ഞ 30 വർഷമായി നടക്കുന്ന ക്രമക്കേടുകൾ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ദേവസ്വം മന്ത്രി രാജി വക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

******************************

## പൈനാപ്പിൾ വില കുതിച്ചുയരുന്നു (ഇൻട്രോ)

കർഷകർക്കും വ്യാപാരികൾക്കും ആശ്വാസമായി പൈനാപ്പിൾ വില കുതിച്ചുയരുന്നു. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നടക്കം വലിയ ഓർഡറാണ് രാജ്യത്തെ ഏറ്റവും വലിയ പൈനാപ്പിൾ ഉൽപ്പാദന കേന്ദ്രമായ വാഴക്കുളം മാർക്കറ്റിൽ ലഭിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

******************************

## മഴ

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. നാളെയും 5 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തും നാളെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം.

******************************

## ഓഹരി

RNUTVPM

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 153 പോയിന്റ് ഇടിഞ്ഞ് 81,774 ലും, നിഫ്റ്റി 62 പോയിന്റ് നഷ്ടത്തിൽ 25,046 ലും വ്യാപാരം അവസാനിപ്പിച്ചു.

******************************

## ക്രിക്കറ്റ്

ഐ സി സി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയയ്ക്കെതിരെ, പാകിസ്ഥാന് 222 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനറങ്ങിയ ഓസിസ് നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 221 റൺസ് നേടി.

******************************

## സീനിയർ വനിതാ ട്വന്റി

ദേശീയ സീനിയർ വനിതാ ട്വന്റി 20 ക്രിക്കറ്റിൽ കേരളത്തിന് തോൽവി. 19 റൺസിനാണ് ഉത്തർപ്രദേശ് ,കേരളത്തെ പരാജയപ്പെടുത്തിയത്. ഉത്തർപ്രദേശ് ഉയർത്തിയ 108 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കേരളം പത്തു പന്ത് ബാക്കി നിൽക്കെ 88 റൺസിന് പുറത്താവുകയായിരുന്നു .

RNUTVPM

******************************

## തിരുവനന്തപുരം റെയിൽവേ

ദക്ഷിണ റെയിൽവേയുടെ 70-ാമത് റെയിൽവേ വാരാഘോഷങ്ങളുടെ ഭാഗമായി നടന്ന 'വിശിഷ്ട് റെയിൽ സേവാ പുരസ്കാരം 2025' ൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് മികച്ച നേട്ടം. കൊമേഴ്സ്യൽ, അക്കൗണ്ട്സ്, മെഡിക്കൽ, പാസഞ്ചർ അമിനിറ്റി വർക്ക്സ് തുടങ്ങി ആറ് എഫിഷ്യൻസി ഷീൽഡുകളാണ് തിരുവനന്തപുരം ഡിവിഷൻ സ്വന്തമാക്കിയത്.

******************************

## ബഹിരാകാശ വാരാഘോഷം

ലോക ബഹിരാകാശ വാരാഘോഷത്തിന്റെ ഭാഗമായി ISRO സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികൾക്ക് തുടക്കമായി. തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ സ്കൂൾ,കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സൗണ്ടിംഗ് റോക്കറ്റ് വിക്ഷേപണം,സ്പേസ് മ്യൂസിയം സന്ദർശനം എന്നിവ സംഘടിപ്പിച്ചു.

************************************************************

******************************

******************************

RNU TVP